(ബി) പുതുതായി ആരംഭിച്ച പേരാമ്പ്ര, കാഞ്ഞാങ്ങാട് എന്നീ ഫയർ സ്റ്റേഷനുകൾക്കാവശ്യമായ വാഹനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വടകര അഗ്നിശമന നിലയത്തിൽ നിന്നും എടുത്ത വാഹനങ്ങൾ തിരികെ നൽകുന്നതാണ്.

റേഷൻ അരിയുടെ വില വർദ്ധനവ്

115 (116) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ അരിയുടെ വില വർദ്ധിപ്പിക്കാനും റേഷൻ ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തുവാനുമുള്ള നിർദ്ദേശം കേന്ദ്രത്തിൽ നിന്നും സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇതിൻമേൽ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) ഭക്ഷ്യ സബ്സിഡി കഴിയുന്നത്ര കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിറുത്തി റേഷൻ ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തുവാനും വില വർദ്ധിപ്പിക്കുവാനും ഉള്ള നിർദ്ദേശം മേഖലാടിസ്ഥാനത്തിൽ ഭക്ഷ്യമന്ത്രിമാരുമായി കേന്ദ്രം ചർച്ചചെയ്തുവരികയാണ്. ഇതിന്റെ ഭാഗമായി ഇക്കഴിഞ്ഞ ജനവരി 31-ന് ബാംഗ്ലൂരിൽ വിളിച്ചു കൂട്ടിയ ദക്ഷിണമേഖലാ ഭക്ഷ്യമന്ത്രിമാരുടെ സമ്മേളനത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ അവർ ഉന്നയിച്ചിരുന്നു.

1. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന അരിയുടെ അളവ് പ്രതിമാസം 10 കിലോ എന്നത് 15 കിലോ ആയി വർദ്ധിപ്പിക്കുക. അതോടൊപ്പം ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ള കുടുംബങ്ങൾക്ക് ഇതിന് ആനുപാതികമായ (35%) കുറവ് വരുത്തുക.

2. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ വിഹിതം, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് കുറവു വരുത്താതെതന്നെ 15 കിലോ ആയി വർദ്ധിപ്പിക്കുക.

3. ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ളവർക്ക് അരി നൽകുന്നത് പൂർണ്ണമായും നിറുത്തലാക്കി, താഴെയുള്ളവർക്ക് പ്രതിമാസം 20 കിലോ നൽകുക.

4. ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ളവരെ പൊതുവിതരണ സമ്പ്രായത്തിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി കേന്ദ്രവിൽപ്പന വില വർദ്ധിപ്പിച്ച്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രതിമാസം 25 കിലോ അരി നൽകുക. ഇതു നടപ്പിലായാൽ ഉപഭോക്താവ് ഒരു കിലോ അരിക്ക് 12 രൂപയെങ്കിലും നൽകേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

5. വില വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച കേന്ദ്ര നിർദ്ദേശം ചുവടെ ചേർക്കുന്നു.

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള (ബി.പി.എൽ.) അരി വില ഉപഭോക്താവിന് ഇപ്പോൾ കിലോയ്ക്ക് 4 രൂപ എന്നത് 6 രൂപയോ 6.50 രൂപയോ ആകും.

(ബി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് (എ.പി.എൽ.) യഥാർത്ഥവില (ഇക്കോണമിക് കോസ്റ്റ്)യോ മാർക്കറ്റ് വിലയോ ഏതാണ് കുറവെന്നാൽ അത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കൂടുതൽ അരി നൽകുന്നത് സ്വാഗതാർഹം തന്നെ ; എങ്കിലും ആ പേരു പറഞ്ഞ് അരിയുടെ കേന്ദ്രവിൽപ്പന വില വർദ്ധിപ്പിക്കുന്നതും മറ്റു വിഭാഗങ്ങൾക്കു നൽകുന്ന വിഹിതം വെട്ടിക്കുറയ്ക്കുന്നതും അവരെ പൊതുവിതരണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്നതും ആത്മഹത്യാപരമായിരിക്കുമെന്ന് കേരളം പ്രസ്തുത സമ്മേളനത്തിൽ വ്യക്തമാക്കി. ഭക്ഷ്യ സുരക്ഷ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സാധാരണക്കാരന് അവന്റെ ക്രയശേഷിക്ക് അനുസൃതമായി ആവശ്യ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുക എന്നതാണ്. കേന്ദ്രത്തിന്റെ പുതിയ നിർദ്ദേശം അംഗീകരിക്കുന്ന പക്ഷം അത് പൊതുവിതരണസമ്പ്രദായത്തെ തകർക്കുകയും പൊതുവിപണിയിലെ വില ക്രമാതീതമായി വർദ്ധിപ്പിക്കുകയും എല്ലാ വിഭാഗങ്ങളുടെയും ഭക്ഷ്യ ധാന്യത്തിനായുള്ള ചെലവ് വർദ്ധിക്കുകയും ചെയ്യാനേ ഉപകരിക്കൂ എന്ന വസ്തുത, കാര്യകാരണ സഹിതം അവരെ ബോദ്ധ്യപ്പെടുത്തുവാൻ കേരളം പരമാവധി ശ്രമിച്ചിട്ടുണ്ട്. നല്ല ഗുണനിലവാരമുള്ള അരി നൽകണമെന്നും യാതൊരു കാരണവശാലും അരി വില വർദ്ധിപ്പിക്കരുതെന്നും ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതെല്ലാം മനസ്സിലാക്കിയ ശേഷവും അരി വില വർദ്ധിപ്പിക്കുകയും കേന്ദ്ര വിഹിതം കുറയ്ക്കുകയും ചെയ്യുകയാണെങ്കിൽ, സാധാരണ ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ആവശ്യം വേണ്ടുന്ന ഭക്ഷ്യധാന്യം ലഭ്യമാക്കുവാനായി സംസ്ഥാന ഗവൺമെന്റ് തക്കസമയത്ത് ഉചിതമായ നടപടികൾ കൈകൊള്ളുന്നതാണ്.

റേഷൻ സംവിധാനത്തിൽ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റ് തീരുമാനം

116 (117) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള റേഷൻ സംവിധാനത്തിൽ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly